തിരുമല-തൃക്കണ്ണാപുരം റോഡ് വികസന പദ്ധതി

312 (1397) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന തിരുമല -തൃക്കണ്ണാപുരം റോഡു വികസന പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിച്ചതെന്നാണെന്നും ആയതിന് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്കു പൂർത്തിയാകുമെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) നേമം നിയോജക മണ്ഡലത്തിൽ തിരുമല-തൃക്കണ്ണാപുരം റോഡു വികസനവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന് റവന്യൂ വകുപ്പ് കൈമാറിയ സ്ഥലങ്ങളെല്ലാം തന്നെ ഏറ്റെടുത്തു കഴിഞ്ഞു. പ്രസ്തുത പ്രവൃത്തി ആരംഭിച്ചിട്ടില്ല. പുനരധിവാസം നൽകാത്തതും, കടകളും ബാക്കി വരുന്ന കെട്ടിട ഭാഗങ്ങളും റവന്യൂ വകുപ്പ് പൊതുമരാമത്ത് വകുപ്പിന് കൈമാറാത്തതുമാണ് കാലതാമസത്തിനുള്ള കാരണം. പ്രസ്തുത സ്ഥലം കൂടി റവന്യൂ വകുപ്പ് ഏറ്റെടുത്ത് തന്നാൽ മാത്രമേ റോഡ് വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുകയുള്ളൂ.

കൊല്ലം ഇരുമ്പ് പാലം

313 (1398) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ഇരുമ്പ് പാലം പൊളിച്ച് പുതിയ പാലം പണിയുന്നതിന് വേണ്ടി സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ബി) പ്രസ്തുത പാലം പുതുക്കി പണിയുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര റോഡ് ഗതാഗത വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ ; പ്രസ്തുത പ്രൊപ്പോസലിന് അംഗീകാരം ലഭ്യമായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ ; ഇല്ലെങ്കിൽ അംഗീകാരം ലഭിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ഡി) പ്രസ്തുത പാലം നിർമ്മാണത്തിനാവശ്യമായ എസ്റ്റിമേറ്റ് തുക എത്രയെന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly